LIBRARY ARCHIVES Kerala Legislative Assembly

കോഴിക്കോട് മെഡിക്കൽ കോളേജിലെ ജീവനക്കാരുടെ ഒഴിവുകൾ

58 (8118) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ നിലവിൽ ഡോക്ടർമാർ, നഴ്സുമാർ, മറ്റ് പാരാമെഡിക്കൽ ജീവനക്കാർ എന്നിവരുടെ എത്ര ഒഴിവുകൾ വീതമുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ ഡോക്ടർമാരുടെ 82 ഒഴിവുകളാണുള്ളത്. നഴ്സുമാർ, മറ്റ് പാരാമെഡിക്കൽ ജീവനക്കാർ എന്നിവരുൾപ്പെടെയുള്ളവരുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*

എറണാകുളം ജില്ലയിൽ സ്റ്റാഫ് നഴ്സ് ഗ്രേഡ് II- മാരുടെ പി.എസ്.സി. റാങ്ക് ലിസ്റ്റ്

59 (8119) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) എറണാകുളം ജില്ലയിൽ സ്റ്റാഫ് നഴ്സ് ഗ്രേഡ് '2' മാരുടെ പി.എസ്.സി. റാങ്ക് ലിസ്റ്റ് എന്നാണ് നിലവിൽ വന്നത്; വിശദമാക്കുമോ ;

(ബി) എറണാകുളം ജില്ലയിലെ സ്റ്റാഫ് നഴ്സ് ഗ്രേഡ് '2' മാരുടെ സൂപ്പർ ന്യൂമറ്റി തസ്തികകൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ടോ ; എങ്കിൽ എന്നുമുതലാണ് ; അതുവഴി എത്ര ഒഴിവുകൾ കണക്കാക്കപ്പെട്ടിട്ടുണ്ട് ;

(സി) നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്ന് എത്ര നിയമനം നടന്നെന്നും എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) 2011-ൽ സ്റ്റാഫ് നഴ്സ് ഗ്രേഡ് 2-ന്റെ പി.എസ്.സി. ലിസ്റ്റുകളുടെ കാലാവധി തീരാനിരിക്കെ, ഓരോ ജില്ലകളിലേയും റിട്ടയർമെന്റ് ഒഴിവുകൾ കണക്കിലെടുത്ത് അതിന് തുല്യമായ എണ്ണം സൂപ്പർ ന്യൂമററി തസ്തികകൾ ഓരോ ജില്ലകളിലും സൃഷ്ടിച്ചു. ഇതനുസരിച്ച് എറണാകുളം ജില്ലയിൽ 27 തസ്തികകൾ സൃഷ്ടിച്ചു. എന്നാൽ ടി ജില്ലയിൽ പി.എസ്.സി. ലിസ്റ്റ് നിലവിലില്ലാതിരുന്നതിനാൽ ഈ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തില്ല. ഭാവിയിലുണ്ടായ ഒഴിവുകളിലേക്ക് ടി 27 ഒഴിവുകളും ലയിപ്പിച്ചു.

(സി) 69 നിയമനങ്ങൾ നടന്നു. 87 ഒഴിവുകൾ റിപ്പോർട്ട് ചെയ്തു.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.